## പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1405 — 15.06.2012-ൽ മറുപടിയ്ക്ക്

### ഹോർട്ടിക്കോർപ്പിന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.എ.എ.അസീസ്: | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| എ) ഹോർട്ടികൾച്ചർ പ്രൊഡക്ട്സ് ഡവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) പഴം പച്ചക്കറി വിപണന രംഗങ്ങളിൽ ഉൽപാദകരേയും ഉപഭോക്താക്കളെയും ഒരു പോലെ സംരക്ഷിക്കുക എന്നതാണ് ഹോർട്ടിക്കോർപ്പിന്റെ പ്രധാന ലക്ഷ്യം. സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, കാർഷിക മൊത്ത വ്യാപാര വിപണി എന്നിവിടങ്ങളിൽ നിന്നും പഴം പച്ചക്കറികൾ കർഷകർക്ക് ന്യായവില നൽകി സംഭരിച്ച് മിതമായ വിലക്ക് ഹരിതാ സ്റ്റാളുകൾ വഴി ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നു. ഹോർട്ടിക്കോർപ്പിന്റെ പ്രവർത്തനം കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനായി ഹോർട്ടിക്കോർപ്പിന്റെ നിലവിലുള്ള 98 സ്റ്റാളുകൾക്ക് പുറമേ സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ സഹകരണത്തോടെ 106 ഹരിതാ വെജിറ്റബിൾ കോർണറുകൾ ആരംഭിക്കുന്നതിന് തീരുമാനിക്കുകയും 32 എണ്ണം പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കൺസ്യൂമർഫെഡുമായി ചേർന്ന് ഹരിതാ വെജിറ്റബിൾ കോർണർ വഴിയും |

| | |
|---|---|
| | ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ പെട്രോൾ ബങ്കുകളിൽ സ്റ്റാളുകൾ അനുവദിച്ചും പഴം പച്ചക്കറികൾ മിതമായ വിലയ്ക്ക് ഉപഭോക്താക്കളിൽ എത്തിക്കുന്നതിന് തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.<br>കൂടാതെ "കാർഷിക ഉൽപ്പാദനക്ഷമതയ്ക്ക് തേനീച്ച വളർത്തൽ" പദ്ധതി നടപ്പിലാക്കുന്ന നിർദ്ദിഷ്ഠ ഏജൻസിയുമാണ് ഹോർട്ടിക്കോർപ്പ്. ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ കർഷകർക്ക് തേനീച്ച വളർത്തൽ പരിശീലനം നൽകുകയും പരിശീലനം ലഭിച്ച കർഷകർക്ക് 50% സബ്സിഡി വ്യവസ്ഥയിൽ തേനീച്ച കോളനികളും അനുബന്ധ ഉപകരണങ്ങളും നൽകി വരികയും ചെയ്യുന്നു. |
| ബി) സംസ്ഥാനത്ത് ഹോർട്ടികോർപ്പ് വഴി പച്ചക്കറികൾ എത്ര ശതമാനം വിലകുറച്ചാണ് വിൽക്കുന്നത്; | ബി) 30% വില കുറച്ചാണ് വിൽക്കുന്നത്. |
| സി) പച്ചക്കറി വില പിടിച്ച് നിറുത്തുന്നതിനായി കൂടുതൽ സ്റ്റാളുകളും മൊബൈൽ യൂണിറ്റുകളും തുടങ്ങുന്നതിനുള്ള നടപടി സ്വികരിക്കുമോ? | സി) പച്ചക്കറി വില പിടിച്ച് നിർത്തുന്നതിന് ഹോർട്ടികോർപ്പിന്റെ നിലവിലുള്ള സ്റ്റാളുകൾക്ക് പുറമേ കൂടുതൽ ഹരിത വെജിറ്റബിൾ സ്റ്റാളുകൾ തുടങ്ങുകയും, മൊബൈൽ യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ